റിട്ടയർചെയ്ത ജീവനക്കാരുടെ സർവീസ് സംബന്ധമായ പ്രശ്നങ്ങൾ

62 (3462) ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽനിന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ സർവീസ് സംബന്ധമായ പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വകുപ്പിൽ മെക്കാനിക്കൽ വിഭാഗത്തിൽ 1988-ൽ റിട്ടയർ ചെയ്ത ശ്രീ. കെ. രാമചന്ദ്രൻ നായരുടെ പെൻഷൻ റിവിഷൻ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(സി) ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) എന്നത്തേയ്ക്ക് പ്രസ്തുത ഹർജിയിൻമേൽ തീർപ്പ് കല്പിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നല്കുന്നതാണ്.

(ബി) ഇല്ല.

(സി) ആന്റ് (ഡി) ശ്രീ. കെ. രാമചന്ദ്രൻ നായർക്ക് ഗവൺമെന്റ് ഉത്തരവ് (ആർ.ടി) 928/89/ ഫിൻ. തീയതി 2.3.89 പ്രകാരം പെൻഷൻ അനുവദിച്ചിട്ടുള്ളതാകുന്നു. പുതുക്കിയ നിരക്കിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ 2.3.89 -ൽ ഗവൺമെന്റ് മുഖേന അനുവദിച്ചിട്ടുണ്ട്. (പി.പി.ഒ.നം. തിരുവനന്തപുരം 21870).

ചോദ്യം നമ്പർ 3463-ന്റെ ഉത്തരം ലഭിച്ചിട്ടില്ല.

നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആരംഭിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്

63 (3464) ശ്രീ. എ.കെ. മണി :
ശ്രീ. എം. മുരളി :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. വി.ജെ. പൗലോസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ആരംഭിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന് കേന്ദ്രസഹായം ലഭ്യമാകുമോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ കോളേജിൽ എന്നത്തേയ്ക്ക് അദ്ധ്യയനം ആരംഭിക്കാൻ കഴിയും;

(സി) ഇവിടെ പ്രവേശനം ലഭിക്കുന്ന നിർമ്മാണ തൊഴിലാളികളുടെ മക്കൾക്ക് മുഴുവൻ ഫീസും സൗജന്യം നൽകുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly